*➪ 86ൽ അധികം പാറമടകളും രണ്ട് വലിയ ക്രഷർ യൂണിറ്റുകളുമാണ് ഇന്നിവിടെയുള്ളത് ➪*

പശ്ചിമഘട്ടം പ്രത്യേകലക്കത്തിന്റെ തുടർച്ചയായി കേരളീയം പശ്ചിമഘട്ട മലനിരകളിലെ വിവിധ പ്രശ്നമേഖലകളിലൂടെ കടന്നുപോവുകയും അവിടെ ഉയർന്നുവരുന്ന ജനകീയ ചെറുത്തുനിൽപ്പുകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. പശ്ചിമഘട്ട മേഖലയ്ക്ക് വലിയ ഭീഷണിയായി ഇന്ന് കേരളത്തിലാകമാനം നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നം ക്വാറികളാണ്. പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിച്ച്, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറഖനികളുടെ വിസ്ഫോടനങ്ങൾക്ക് നേരെ സമരകാഹളങ്ങളും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു...

# പാറപ്പൊടിയിൽ കലങ്ങുന്ന കലഞ്ഞൂർ

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ സ്വദേശികളുടെ പാറഖനന വിരുദ്ധ സമരം അനധികൃത ക്വാറികൾക്കെതിരെ ശക്തമായ താക്കീതുമായി തുടരുകയാണ്. അധികൃതരുടെ അനങ്ങാപ്പാറ നയവും.

**കേരളീയം വാർത്താശൃംഖല**

**പത്തനംതിട്ട** ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഏറെക്കാലമായി പൂർണ്ണമായും ടിപ്പർ ലോറികൾ കൈയടക്കിയിരിക്കുകയാണ്. പ്രതിദിനം രണ്ടായിരത്തിലധികം ടിപ്പർ ലോറികളാണ് പൊടിപറത്തി, വഴിയാത്രക്കാരെ വിരട്ടി കലഞ്ഞൂരിലെ നാട്ടിടവഴികളിലൂടെ ഹുങ്കോടെ പായുന്നത്. കരിങ്കല്ലുതേടി ഇറങ്ങിയും കയറിയും പോകുന്ന പരുക്കൻ ലോറികളുടെ മുരളലുകൾ കലഞ്ഞൂരിലെ സ്വസ്ഥതയ്ക്കുമേൽ തീതുപ്പിത്തുടങ്ങിയിട്ട് 15 വർഷം പിന്നിടുകയാണ്. അവശ്യ വാഹനസൗകര്യങ്ങൾ പോലും പരിമിതമായിരിക്കുന്ന ഒരു ഗ്രാമത്തിലേക്ക് ഇത്രയധികം ലോറികൾ കരിങ്കല്ലെടുക്കാനെത്തണമെങ്കിൽ അവിടെയുള്ള ക്വാറികളിലെ ഖനനത്തിന്റെ വ്യാപ്തി ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. തങ്ങളുടെ ഗ്രാമത്തിൽ നിന്നും അടർത്തിമാറ്റപ്പെടുന്ന കരിമ്പാറകളെ നോക്കി കണ്ണീരൊഴുക്കുകയല്ല കലഞ്ഞൂരുകാർ ചെയ്തത്. ക്വാറികൾക്കെതിരെ അവർ കൊടിപിടിച്ചു. അനധികൃത ഖനനങ്ങൾക്കെതിരെ ഇരകളാക്കപ്പെടുന്ന നാട്ടുകാരുടെ ശബ്ദം മുഴങ്ങി. കേരളത്തിലെ ജനകീയ സമരങ്ങളിലെ കരുത്തുറ്റ സാന്നിധ്യമായി മാറിയ കലഞ്ഞൂരിലെ ക്വാറിവിരുദ്ധ സമരം പോരാട്ട വഴികൾ തുടരുകയാണ്. കുടിവെള്ളക്ഷാമത്തിനും ശബ്ദമലിനീകരണത്തിനും വായുമലിനീകരണത്തിനുമെതിരെ മുദ്രാവാക്യം മുഴക്കുന്ന കലഞ്ഞൂരുകാരുടെ ക്വാറിവിരുദ്ധ സമരം തുടർന്നിട്ടും ഖനനത്തിനെതിരെ ഇവിടെ നടപടികളൊന്നുമുണ്ടായിട്ടില്ല. നിയമങ്ങൾ കാറ്റിൽ പാറപ്പൊടിപോലെ പറന്നിട്ടും അധികൃതർ അനങ്ങാപ്പാറപോലെ ഉറച്ചുതന്നെ.

കലഞ്ഞൂർ പഞ്ചായത്തിലെ കലഞ്ഞൂർ, കൂടൽ എന്നീ രണ്ട് വില്ലേജുകളിലായി 20 വാർഡുകളാണുള്ളത്. അതിൽ 3,4,5,6,7,9,11 വാർഡുകളാണ് പ്രധാനമായും കരിങ്കൽ ക്വാറി ഖനനത്തിന്റെ പ്രശ്നങ്ങൾ നേരിട്ട് അനുഭവിക്കുന്നത്. കാൽ നൂറ്റാണ്ടിന് മുമ്പ് ആരംഭിച്ച പാറപൊട്ടിക്കൽ 1995ന് ശേഷമാണ് വലിയ അളവിലുള്ള കരിങ്കൽ ഖനനമായി മാറുന്നത്. 86ൽ അധികം പാറമടകളും രണ്ട് വലിയ ക്രഷർ യൂണിറ്റുകളുമാണ് ഇന്നിവിടെയുള്ളത്. അതും നാല് കിലോമീറ്റർ ചുറ്റളവിനുള്ളിൽ. അതിനനുസരിച്ചുള്ള ടിപ്പർ ലോറികളുടെ സഞ്ചാരവും സ്ഫോടനങ്ങളുടെ ഭീകരശബ്ദവും കമ്പനവും ശ്വാസം മുട്ടിക്കുന്ന പാറ

പ്പൊടിയും എല്ലാംകൊണ്ട് വീർപ്പുമുട്ടുകയാണ് കലഞ്ഞൂരുകാർ. ശ്വാസകോശരോഗികളുടെയും ക്യാൻസർ ബാധിതരുടെയും എണ്ണം കലഞ്ഞൂരിൽ കൂടിക്കൊണ്ടിരിക്കുകയാണ്. പാറമടകളിലെ സ്ഫോടനങ്ങളുടെ ശക്തിയിൽ വീടുകൾ തകർന്നവരുടെയും കിണറുകൾ ഇടിഞ്ഞുതാഴ്ന്നവരുടെയും നീണ്ടനിരതന്നെയുണ്ട് കലഞ്ഞൂരിൽ.


നിത്യചൈതന്യ യതി ഖനന വിരുദ്ധ സമരത്തിൽ

കോന്നി ഡിവിഷണൽ ഫോറസ്റ്റിന്റെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശത്താണ് ഈ പാറ ക്വാറികൾ പ്രവർത്തിക്കുന്നത് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മലയോര പ്രദേശങ്ങളായ ഇഞ്ചപ്പാറ, പാക്കണ്ടം, മുറിഞ്ഞകൽ, അതിരുങ്കൽ, കുളത്തുമൺ, പോത്തുപാറ, കാരയ്ക്കാക്കുഴി, അഞ്ചുമുക്ക്, തിടി, എലിക്കോട് എന്നിവിടങ്ങളിലാണ് ഖനനം വൻ തോതിൽ നടക്കുന്നത്. പശ്ചിമഘട്ടം അതീവ ഗുരുതരമായ ഭീഷണികൾ നേരിടുകയാണെന്നും പശ്ചിമഘട്ട സംരക്ഷണം അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണെന്നുമുള്ള ചർച്ചകൾ കേരളത്തിൽ സജീവമായിരിക്കുന്ന സമയത്തും വനാതിർത്തിയോട് ചേർന്ന് വീണ്ടും ക്വാറികൾക്ക് അനുമതി ലഭിക്കുന്നതിന് പിന്നിൽ നിയമലംഘനങ്ങൾ ഏറെയുണ്ട്. പലതും കലഞ്ഞൂരിലെ സമരപ്രവർത്തകർ കണ്ടെത്തുകയും നിയമപരമായി തന്നെ അവ ചോദ്യം ചെയ്യുകയും ചെയ്യുന്നുണ്ട്. ജൈവവൈവിധ്യത്താലും വേനലിൽ പോലും വറ്റാത്ത നീരുറവകളാലും സമൃദ്ധമായ കള്ളിപ്പാറ മലയിലും ഖനനത്തിന് അനുമതി ലഭിച്ചതോടെയാണ് നാട്ടുകാരുടെ പ്രതിഷേധം കൂടുതൽ ശക്തമായത്. കള്ളിപ്പാറ മലയിലെ ഖനനം കലഞ്ഞൂരിന്റെ കാലാവസ്ഥയെതന്നെ തകിടം മറിക്കുന്നതാണെന്ന് സംയുക്ത സമരസമിതി കൺവീനർ എം.ജി. സന്തോഷ്കുമാർ പറയുന്നു. ഇപ്പോൾ പാറമടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെല്ലാം പരിസ്ഥിതി ദുർബലപ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ളതും വർഷങ്ങൾക്ക് മുമ്പ് കൃഷി ചെയ്യുന്നതിനായി വേണ്ടി മാത്രം പതിച്ചുനൽകിയിട്ടുള്ള ആരബിൽ ലാന്റ് പട്ടയഭൂമികളും കേന്ദ്രസർക്കാർ കോടിക്കണക്കിന് രൂപ മുടക്കി ജലസംരക്ഷണത്തിന് വേണ്ടി അതിസൂക്ഷ്മ നീർത്തട പദ്ധതി പ്രദേശമായി സംരക്ഷിക്കുന്ന സ്ഥലങ്ങളുമാണ്. എന്നിട്ടും എങ്ങനെ അനുമതി ലഭിച്ചു എന്ന ചോദ്യമാണ് ഇവിടെ അവശേഷിക്കുന്നത്. ഉദ്യോഗസ്ഥരെയും ഭരണ-പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളെയും സ്വാധീനിച്ചാണ് ലൈസൻസുകൾ എല്ലാം നേടിയിരിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പണമുണ്ടെങ്കിൽ ആർക്കും ഒരു മരുഭൂമിയുണ്ടാക്കാം എന്നതിന്റെ പൊള്ളുന്ന കാഴ്ചയായി മാറുന്നു ഇന്ന് കലഞ്ഞൂർ. വേനലെത്തിയതോടെ കുടിവെള്ളമില്ലാതെ കേരളം വരളുന്നു എന്ന ക്യാമ്പയിനുകൾ പല കോണുകളിൽ നിന്നും തുടങ്ങിയിട്ടുണ്ടെങ്കിലും (പ്രത്യേകിച്ച് മാധ്യമങ്ങൾ) ജനങ്ങളുടെ ജലസ്രോതസ്സുകൾ നശിപ്പിച്ച് ലാഭം കൊയ്യുന്ന മുതലാളിമാർ എല്ലാ മൗനാനുവാദങ്ങളുടെയും തണലിൽ സ്വതന്ത്രരായി വിലസുന്ന വിരോധാഭാസവും കലഞ്ഞൂരിൽ കാണാം. പഞ്ചായത്തിന്റെ ആകെ ജലലഭ്യതയെ സ്വാധീനി

ക്കുന്ന പ്രദേശങ്ങളിലെല്ലാം പാറമടകൾ വന്നാൽ പിന്നെ എങ്ങനെ കേരളം വരളാതിരിക്കും?

കാടും മലകളും എങ്ങനെ ഒരു നാടിന്റെ കാലാവസ്ഥയെ നിർണ്ണയിക്കുന്നു എന്നത് പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പരിസ്ഥിതി പാഠം പോലും പറഞ്ഞുതരുന്ന അടിസ്ഥാനങ്ങളാണ്. കൃഷിയെ ആശ്രയിച്ചുകഴിയുന്ന കലഞ്ഞൂരിലെ ജനങ്ങളുടെ അത്തരം സാമാന്യ പരിസ്ഥിതിബോധ്യങ്ങളെപ്പോലും അട്ടിമറിക്കുന്ന കാഴ്ചകളാണ് അവർക്ക് ഇന്ന് നിരന്തരം കാണേണ്ടിവരുന്നത്. അങ്ങനെയാണ് അവർ സമരം തന്നെ പരിഹാരം എന്ന മാർഗ്ഗത്തിലേക്കെത്തുന്നത്. പാറമട വ്യവസായികൾക്കും ക്രഷർ മുതലാളിമാർക്കും കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥ ദല്ലാളുമാരും ആരെല്ലാമാണെന്നും ജനങ്ങൾക്ക് ഇപ്പോൾ നല്ല ബോധ്യമുണ്ട്. അവർക്കെതിരെ കൂടി നീളുന്നുണ്ട് ഈ ജനകീയ സമരത്തിന്റെ കുന്തമുന. ജനകീയ സമരത്തെ പതിവായി അവഗണിക്കുന്ന കലഞ്ഞൂർ പഞ്ചായത്ത് എല്ലാക്കാലത്തും ക്രഷർ മുതലാളിമാർക്ക് പരവതാനി വിരിക്കുകയാണ് ചെയ്യുന്നത്. ജനസംരക്ഷകരാകേണ്ട ജനപ്രതിനിധികൾ (തദ്ദേശീയരായ പഞ്ചായത്ത് മെമ്പർമാർ പോലും) എന്തുകൊണ്ട് ഇത്തരം നിലപാടുകൾ ആവർത്തിക്കുന്നു എന്നതിനെക്കുറിച്ചും സമരസമിതിക്ക് വ്യക്തമായ ധാരണയുണ്ട്. സമരത്തിന്റെ ഭാഗമായി അതവർ ജനങ്ങൾക്ക് മുന്നിൽ വയ്ക്കുന്നുമുണ്ട്. സമര സമിതിയുടെ ഒരു നോട്ടീസ് പറയുന്നു, നമ്മളെ എങ്ങനെയെല്ലാം ദ്രോഹിച്ചാലും നാം എന്നും ഒരു രാഷ്ട്രീയ പാർട്ടിയുടെ അടിമയോ അനുയായിയോ ആയിരിക്കും. അന്ധമായ രാഷ്ട്രീയ വിധേയത്വം കൊണ്ട് നാം അവർക്കെല്ലാം പിന്നെയും പിന്നെയും വോട്ടുനൽകും. അവരുടെയൊപ്പം ജാഥയ്ക്ക് പോകും. നേതാക്കന്മാരെ സൃഷ്ടിക്കും. അവർ നമ്മുടെ പിന്തുണകൊണ്ട് ശക്തരാവുകയും നമ്മെ കൊല്ലുന്ന, ശ്വാസം മുട്ടിക്കുന്ന, കുടിവെള്ളം വറ്റിക്കുന്ന ഏതുതരം വ്യവസായത്തിനും അംഗീകാരം നൽകും.

**ജനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ അന്ന് നടന്ന സമരം വിജയമായിരുന്നു. ടിപ്പർ ലോറികൾ തടയപ്പെട്ടു. ജനരോഷത്തെ ഭയന്ന് ക്രഷർ യൂണിറ്റുകളിലേക്കുള്ള പല യന്ത്രസാമഗ്രികളു രാത്രിയുടെ മറവിൽ അവർ ഒളിച്ചുകടത്തി. പല മുതലാളിമാരും ക്രഷർ ഉദ്യമത്തിൽ നിന്നും പിൻമടങ്ങി. ജനരോഷം കണ്ട് പലരും പകച്ചെങ്കിലും പഞ്ചായത്തിന്റെ പിടിപ്പുകേട് അവർക്കെല്ലാം അനുഗ്രഹമായി**

വർഷങ്ങളായി തുടരുന്ന കലഞ്ഞൂരിലെ ഖനനവിരുദ്ധ ജനകീയ സമരത്തിന് ആദ്യ പിന്തുണയുമായെത്തിയത് നിത്യചൈതന്യയതിയായിരുന്നു. യതി പുസ്തകരചനയ്ക്കും ധ്യാനത്തിനുമായി തിരഞ്ഞെടുത്ത, പ്രകൃതിയുടെ കനിവുകളാൽ സമ്പന്നമായ മലനിരകളെ കാർന്നെടുക്കുന്നതിനെതിരെ അദ്ദേഹം ജനങ്ങൾക്കൊപ്പം സമരത്തിനിറങ്ങി. യതിയുടെ സാന്നിധ്യം ഗ്രാമീണരുടെ സമരാവേശത്തിന് ചൂട് പകർന്നു. രാക്ഷസൻ പാറയിലേക്ക് ക്രഷർ വിരുദ്ധ യാത്രനടത്തി അദ്ദേഹം സമരാഗ്നിക്ക് തിരികൊളുത്തിക്കൊണ്ട് മുദ്രാവാക്യം മുഴക്കി, ജീവൻ നിലനിൽക്കാൻ ക്രഷർ നിരോധിക്കൂ...ജനങ്ങളിലേക്ക് അത് പടർന്നു. കരിമ്പാറക്കൂട്ടങ്ങളിൽ തട്ടി പ്രതിധ്വനിച്ചു. ജനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ അന്ന് നടന്ന സമരം വിജയമായിരുന്നു. ടിപ്പർ ലോറികൾ തടയപ്പെട്ടു. ജനരോഷത്തെ ഭയന്ന് ക്രഷർ യൂണിറ്റുകളിലേക്കുള്ള പല യന്ത്രസാമഗ്രികളു രാത്രിയുടെ മറവിൽ അവർ ഒളിച്ചുകടത്തി. പല മുതലാളിമാരും ക്രഷർ ഉദ്യമത്തിൽ നിന്നും പിൻമടങ്ങി. ജനരോഷം കണ്ട് പലരും പകച്ചെങ്കിലും പഞ്ചായത്തിന്റെ പിടിപ്പുകേട് അവർക്കെല്ലാം അനുഗ്രമായി മാറുകയായിരുന്നു എന്ന് സമരസമിതി പ്രവർത്തകർ പറയുന്നു. ജനാധിപത്യ സ്ഥാപനങ്ങൾ നാളുകളായി തുടരുന്ന ഈ നിസംഗതയ്ക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് ജനകീയ സമരം ഇപ്പോൾ അവർക്കെതിരെയും മുദ്രാവാക്യം മുഴക്കുന്നുണ്ട്. ഗ്രാമസഭയുടെ തീരുമാനത്തെ അവഗണിച്ച് പാറമടയ്ക്ക് ലൈസൻസ് നൽകുന്നതിന് കൂട്ടുനിന്ന പഞ്ചായത്ത് മെമ്പർമാരെ സമരസമിതി ചോദ്യം ചെയ്തു തുടങ്ങി.

ക്വാറി സോണായി മാറിക്കൊണ്ടിരിക്കുന്ന കലഞ്ഞൂരിലെ പരിസ്ഥിതി ദുർബല പ്രദേശമായ നാലാം ബ്ലോക്കിൽ ഒരു മണൽപ്ലാന്റ് കൂടി വന്നതോടെ ജനങ്ങളുടെ പ്രതിഷേധം വീണ്ടും ശക്തമായിരിക്കുന്നു. പാറ പൊടിച്ച് മണലാക്കുകയാണ് പ്ലാന്റിന്റെ ലക്ഷ്യം. കണക്കുകൾ പ്രകാരം 10 മെട്രിക് ടൺ പാറപൊടിച്ച് മണലാക്കി

# അനധികൃത ക്വാറികളെ എങ്ങനെ പ്രതിരോധിക്കാം?

**പാറമടകൾ** പ്രവർത്തിക്കുന്നത് പ്രധാനമായും 6 അനുമതികളുടെ അടിസ്ഥാനത്തിലാണ്. മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലഭിക്കുന്ന മൈനിംഗ് ലീസ് അല്ലെങ്കിൽ പെർമിറ്റ്, ബ്ലാസ്റ്റിങ്ങ് പെർമിറ്റ്, എക്സ്പ്ലോസീവ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി, ഫയർ ഫോഴ്സ് വകുപ്പിന്റെ അനുമതി എന്നിവയാണ് ഇത്. ഇതിനു പുറമേ റവന്യൂ വകുപ്പിന്റെ അനുമതി, ഇതെല്ലാം ലഭിച്ചു കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ അനുമതിയുടെ പിൻബലത്തിൽ സെക്രട്ടറി നൽകുന്ന അനുമതി എന്നിവയും ആവശ്യമാണ്. സാധാരണയായി ഒരു വർഷത്തേയ്ക്കാണ് മൈനിംഗ് പെർമിറ്റ് നൽകുക. ചിലപ്പോൾ ഒന്നിലധികം വർഷത്തേയ്ക്കും നൽകും. 20 അടി പാറപൊട്ടിക്കാനുള്ള അനുമതിയാണ് നൽകുന്നത്.

ഈ അനുമതികൾ ഉണ്ടോയെന്ന കാര്യം വിവരാവകാശ നിയമ പ്രകാരം അന്വേഷിച്ച് ഏതെങ്കിലും ഒന്ന് ഇല്ലെന്നു ബോധ്യപ്പെട്ടാൽ നിയമനടപടി സ്വീകരിക്കാവുന്നതാണ്. ക്വാറിക്കെതിരെ ഉദ്യോഗസ്ഥർക്ക് പരാതി നൽകുകയോ അനുമതികൾ ഇല്ലെന്ന കാര്യം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യരുത്. അങ്ങനെ പരാതിപ്പെട്ടാൽ ബന്ധപ്പെട്ട അനുമതികൾ പണം മുടക്കി വാങ്ങാൻ ശക്തരാണ് ക്വാറി മുതലാളിമാർ . ഇത് ഉപയോഗിച്ച് പ്രാദേശിക മുൻസിഫ് കോടതികളിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ ക്വാറി പ്രവർത്തനം നിർത്താനുള്ള ഉത്തരവ് വാങ്ങാവുന്നതാണ്.

ദീപക് കുമാർ Vs സ്റ്റേറ്റ് ഓഫ് ഹരിയാന കേസിൽ 2012 ഫെബ്രുവരി മാസത്തിൽ വന്ന വിധി പ്രകാരം ഒരു ക്വാറിക്കും പുതുതായി മൈനിംഗ് ലീസ് കൊടുക്കുകയോ പുതുക്കി കൊടുക്കുകയോ ചെയ്യാൻ പാടില്ല. അതിനു ശേഷം കൊടുത്തതോ പുതുക്കിക്കൊടുത്തതോ ആയ പെർമിറ്റോ ലീസോ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് നിരോധിക്കാൻ ഹൈക്കോടതിയിൽ ആവശ്യപ്പെടാവുന്നതാണ്.

ബന്ധങ്ങൾക്ക്:
**അഡ്വ. വി. ഹരീഷ്, 9447755896**

ഒരു ലോറിയിൽ കൊണ്ടുപോകുന്നതിന് 500 ലിറ്റർ ഭൂഗർഭ ജലം ആവശ്യമായി വരും. അപ്രകാരം 500 ലോഡ് മണൽ ഉത്പാദിപ്പിക്കാൻ പ്രതിദിനം രണ്ടരലക്ഷം ലിറ്റർ വെള്ളമാണ് വേണ്ടിവരുന്നത്. ഒരു ശരാശരി കുടുംബം ഒരു ദിവസം ഉപയോഗിക്കുന്നത് 250 ലിറ്റർ വെള്ളം എന്ന് കണക്കാക്കിയാൽ മണൽപ്ലാന്റ് ഒരു ദിവസം ഉപയോഗിക്കുന്നത് 1000 കുടുംബങ്ങളുടെ വെള്ളം. ഒരു വർഷം ഈ രീതിയിൽ മണൽപ്ലാന്റ് പ്രവർത്തിച്ചാൽ കലഞ്ഞൂരിലെ സമീപ പഞ്ചായത്തുകളിലെയും ഭൂഗർഭജലം പൂർണ്ണമായും വറ്റും. കാർഷിക ഗ്രാമത്തിന് താങ്ങാനാവാത്ത ആഘാതമാണത് എന്ന് സമരസമിതി തിരിച്ചിറിഞ്ഞുണ്ട്. മണൽപ്ലാന്റ് നിർമ്മാണത്തിനെതിരെയും വിവിധ സമരപരിപാടികൾ ഇപ്പോൾ നടക്കുന്നുണ്ട്.

2011 ഫെബ്രുവരിയിൽ മണൽപ്ലാന്റിലേക്ക് വന്ന ഹിറ്റാച്ചി തടഞ്ഞുകൊണ്ട് തുടങ്ങിയ സമരം പഞ്ചായത്ത് ഓഫീസ് ഉപരോധം, മൈനിംഗ് ഓഫീസിനുമുന്നിലെ ധർണ്ണ, വനത്തിൽ വച്ച് ടിപ്പർ ലോറി തടയൽ, ജനകീയ കൺവെൻഷനുകൾ, ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി തുടങ്ങിയ പരിപാടികളോടെ തുടരുകയാണ്. സമരമുയർത്തുന്ന പ്രാഥമിക സന്ദേശം – മുതലാളിമാർക്ക് സ്വന്തമായുള്ളത് അയാളുടെ യന്ത്രങ്ങൾ മാത്രമാണ്, ഈ മലയും നീർത്തടങ്ങളും ഇവിടെ ജനിച്ചുവളർന്ന മനുഷ്യന്റെ സ്വത്താണ് – കലഞ്ഞൂരും വിട്ട് നിലനിൽപ്പിനായി പൊരുതുന്ന, പോരാട്ടങ്ങളോട് ഐക്യപ്പെടുന്ന എല്ലാ ജനങ്ങളിലേക്കുമെത്തുമെന്ന പ്രതീക്ഷയിലാണ് കലഞ്ഞൂർ ജനകീയ സമരസമിതി. ■


**അടുത്തലക്കത്തിൽ**

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ അനധികൃത ക്വാറികളും ജനകീയ ചെറുത്തുനിൽപ്പുകളും